# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 523 — 24.10.2011-ൽ മറുപടിക്ക്

## ക്ലിനിക്കൽ ചൈൽഡ് ഡവലപ്പ്മെന്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് :<br>ശ്രീ. പി.ഉബൈദുള്ള :<br>ശ്രീ. കെ.എൻ.എ ഖാദർ :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ക്ലിനിക്കൽ ചൈൽഡ് ഡവലപ്പ് മെന്റ് രംഗത്ത് ആരോഗ്യ വകുപ്പി ന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളെക്കുറിച്ച് വിശദ മാക്കുമോ ; | (എ) മാതൃശിശു ആരോഗ്യ പ്രവർത്തനത്തിന്റെ ഭാഗമായി ചിട്ട യായുള്ള ഗർഭകാല പരിരക്ഷയും കൃത്യമായ ഇടവേള കളിലുള്ള ചെക്കപ്പും നടന്നുവരുന്നു. നിലവിലുള്ള നവജാതശിശു പരിചരണത്തിനുപുറമേ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ് (SNCU), സംയോജിത ശിശു രോഗ നിർണ്ണയ പരിചരണ പദ്ധതി (IMNCI), ഇൻഫന്റ് യങ്ങ് ചൈൽഡ് ന്യൂട്രീഷൻ (IYCN), നവജാതശിശു ക്കളിൽ ശ്രവണ വൈകല്യം കണ്ടുപിടിക്കുന്നതിനുള്ള പരിശോധന എന്നിവയും വളർച്ചാഘട്ടത്തിലെ നാഴിക ക്കല്ലുകൾ നിരീക്ഷിച്ച് തകരാറുകൾ കണ്ടെത്തി പ്രതി രോധ വാക്സിനേഷന്റെ വിവരങ്ങളും ആരോഗ്യസ്ഥിതിയും മദർ ചൈൽഡ് പ്രൊട്ടക്ഷൻ കാർഡിൽ രേഖപ്പെടുത്തി കുട്ടികളുടെ വളർച്ച നിരീക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ ഓരോ അമ്മയുടെയും കുഞ്ഞിന്റെയും വിവരങ്ങൾ രേഖ പ്പെടുത്തിയ ഒരു സോഫ്റ്റ്‌വെയറും (മദർ ചൈൽഡ് ട്രാക്കിംഗ് സിസ്റ്റവും) തുടങ്ങിക്കഴിഞ്ഞു. മെഡിക്കൽ കോളേജ് കാമ്പസിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡവലപ്മെന്റ് സെന്റർ കുട്ടികൾക്കും കൗമാരക്കാർക്കു മായി നിരവധി പ്രോഗ്രാമുകൾ നടത്തി വരുന്നു. |
| (ബി) കുട്ടികളിലുണ്ടാകുന്ന ബുദ്ധി വികാസ തകരാറുകളും, അംഗ വൈകല്യ പ്രശ്നങ്ങളും മുൻകൂട്ടി കണ്ട് തടയുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്ത മാക്കുമോ ; | (ബി) ഒരു സ്ത്രീ ഗർഭിണിയാണെന്ന് അറിയുന്നതുമുതൽ അവർക്ക് ആശുപത്രികളിൽ നിന്നും ഫോളിക് ആസിഡ് ഗുളികകൾ നൽകി തുടങ്ങും. കുട്ടികളിലുണ്ടാകുന്ന നാഡീ വ്യൂഹ തകരാറുകൾ പരിഹരിക്കാനാണ് ഇത് നൽകു ന്നത്. മൂന്ന് മാസമാകുന്നതോടെ അയൺഗുളികകളും ഒപ്പം നൽകി തുടങ്ങും. പോഷകാഹാരക്രമത്തെക്കുറിച്ച് ഗർഭിണിക്ക് അറിവ് കൊടുക്കും. വിളർച്ചയും പോഷ കാഹാര കുറവും മൂലം വളർച്ചക്കുറവുള്ള കുട്ടികൾ ജനി ക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണിത്. 12-ാം ആഴ്ചയിൽ ആദ്യത്തെ സ്കാനിംഗിന് വിധേയമാക്കും. കുഞ്ഞുങ്ങളുടെ അവയവരൂപീകരണ സമയമാണിത്. പല ഘട്ടങ്ങളിലായി മൂന്ന് തവണയെങ്കിലും സ്കാനിംഗ് നടത്തും. അപകട സാധ്യതയുള്ള ഗർഭിണികളെ നേരത്തേതന്നെ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യും. നവജാത ശിശുപരിചരണത്തിന്റെ ഭാഗമായി ആശുപത്രികളിൽ പീഡിയാട്രിക് ക്ലിനിക്കിന്റെ കീഴിൽ ശിശുരോഗവിദഗ്ധൻ കുഞ്ഞുങ്ങളെ പരിശോധിക്കുകയും അംഗവൈകല്യ പ്രശ്നങ്ങളും, ജനിതക വൈകല്യങ്ങളും |

കണ്ടെത്തി ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റിന്റെ സേവനം ലഭ്യമാക്കുകയോ, മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയോ ചെയ്യുന്നു.

(സി) 19 വയസ്സുവരെയുള്ള കുട്ടികളുടെ ബുദ്ധിവികാസം, ശാരീരിക മാനസിക ആരോഗ്യ വളർച്ച, ഭാഷാ വികാസം എന്നിവ സംബന്ധിച്ചുള്ള പരിശോധനകൾക്ക് വേണ്ടി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്നും അവയുടെ പ്രവർത്തന രീതി എന്തെല്ലാമെന്നും വിശദമാക്കുമോ ;

(സി) ഉണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ കാമ്പസിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ (സി.ഡി.സി) താഴെ പറയുന്ന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.

1. ഡെവലപ്മെന്റൽ ഇവാല്യുവേഷൻ ക്ലിനിക്
2. സ്പീച്ച് തെറാപ്പി ക്ലിനിക്
3. ന്യൂബോൺ ഫോളോ അപ് ക്ലിനിക്
4. ഏർളി സ്റ്റിമുലേഷൻ ക്ലിനിക്
5. ബിഹേവിയർ കൗൺസിലിംഗ് ക്ലിനിക്
6. പി.ഡി.ഡി ഇൻർവെൻഷൻ ക്ലിനിക്
7. ഡവലപ്മെന്റൽ തെറാപ്പി ക്ലിനിക്
8. ഫിസിയോതെറാപ്പി ക്ലിനിക്
9. പ്രീസ്കൂൾ ഇന്റർവെൻഷൻ ക്ലിനിക്

എന്നാൽ കൗമാരക്കാർക്കായി കേരളത്തിലെ പല ആശുപത്രികളിലും പീഡിയാട്രിക് ഒ.പി യുടെ ഭാഗമായി പ്രത്യേക ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. എൻ.ആർ.എച്ച്.എം മുഖേന സ്കൂൾ ഹെൽത്ത് പ്രോഗ്രാം സംസ്ഥാനത്തെ 3462 സ്കൂളുകളിൽ നടത്തിവരുന്നു. എൻ.ആർ.എച്ച്.എം ന്റെ തന്നെ ഭാഗമായുള്ള മറ്റൊരു പ്രോഗ്രാമായ ARSH (Adolescent Sexual Reproductive Health) വഴി എറണാകുളം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഏകദേശം 52,000-ത്തോളം കുട്ടികളെ സ്ക്രീൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രോഗ്രാമുകൾ വഴി പ്രശ്നമുള്ള കുട്ടികളെ കണ്ടെത്തുകയും ആവശ്യമായ ചികിത്സയും കൗൺസിലിംഗും, റഫറൽ സേവനങ്ങളും നൽകുകയും ചെയ്യുന്നു.

(ഡി) ഈ വിഷയങ്ങളിൽ ആരോഗ്യ പ്രവർത്തകരിൽ അവബോധം വളർത്താനും, അവർക്ക് പരിശീലനം നൽകാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ഡി) നവജാത ശിശുപരിചരണത്തിനും, കൗമാര ക്ലിനിക്കുകൾ തുടങ്ങുന്നതിനും ശിശുരോഗ വിദഗ്ധന്മാർക്കും, നേഴ്സുമാർക്കും പ്രത്യേകം ട്രെയിനിംഗുകളും മാതൃശിശു ആരോഗ്യ പരിപാടികളുടെ ഭാഗമായി ഡോക്ടർമാർ, നേഴ്സുമാർ, ഫീൽഡ് സ്റ്റാഫ് എന്നിവർക്കും വിവിധ തരം ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനായി പ്രത്യേകം പരിശീലനം ലഭിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുണ്ട്. അവർ സ്കൂളുകളിൽ കുട്ടികളെ സ്ക്രീൻ ചെയ്യുന്നു. ARSH പ്രോഗ്രാമിന്റെ ഭാഗമായി ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്.

(ഇ) ഇതിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് എല്ലാ ജില്ലയിലെ കുട്ടികൾക്കും പ്രയോജനപ്രദമാകും വിധം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(ഇ) ഉണ്ട്.

സെക്ഷൻ ഓഫീസർ